# 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2024 ഒക്ടോബർ 11-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം: | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

സബ്ജക്ട് കമ്മിറ്റി XII

ആരോഗ്യവും കുടുംബക്ഷേമവും

(2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീമതി വീണാ ജോർജ്,

ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സുനിത സി., അണ്ടർ സെക്രട്ടറി.

# 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കായി അയച്ച 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ (ബിൽ നമ്പർ 223), സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ 2024 ഒക്ടോബർ 4-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2024 ഒക്ടോബർ 10-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2024 ഒക്ടോബർ 10-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

**വീണാ ജോർജ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2024 ഒക്ടോബർ 11.

## അനുബന്ധം I

## വിയോജനക്കുറിപ്പ്

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിന്റെ ചട്ടങ്ങൾ പരിശോധിച്ച നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തുന്നതിനും ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്ഥിരം രജിസ്ട്രേഷനുള്ള കാലാവധി മൂന്ന് വർഷത്തിൽ നിന്നും അഞ്ചായി ഉയർത്തുന്നതിനും ഉൾപ്പെടെയാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അതോറിറ്റിയിൽ, ഡെന്റൽ സർജൻ, ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസർ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ജില്ലാ മെഡിക്കൽ ഓഫീസർ ഉൾപ്പെടുത്തിയതിനെ സ്വാഗതം ചെയ്യുന്നു. സുരക്ഷ, അണുബാധ നിയന്ത്രണം, നിലവാരം പുലർത്തുന്ന ചികിത്സാ മാർഗ്ഗങ്ങൾ എന്നിവ നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗരേഖകൾ പാലിക്കണമെന്നത് രജിസ്ട്രേഷനുള്ള ഉപാധിയായി വ്യവസ്ഥ ചെയ്യലും ഉചിതമാണ്. എന്നാൽ സ്ഥിരം രജിസ്ട്രേഷനുള്ള സാധുത മൂന്ന് വർഷത്തിൽ നിന്നും അഞ്ചു വർഷമാക്കി ഉയർത്തുന്നത് ഉചിതമായി കാണുന്നില്ല. രജിസ്ട്രേഷൻ പുതുക്കുന്ന സന്ദർഭത്തിൽ ക്ലിനിക്കൽ സ്ഥാപനങ്ങൾ പ്രവർത്തന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ച് ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കാത്തവയുടെ പ്രവർത്തനം തടയുന്നതിനും ഉള്ള സാഹചര്യമുണ്ട്. എന്നാൽ കാലയളവ് അഞ്ചുവർഷമായി ഉയർത്തുമ്പോൾ ഇത്തരം പരിശോധനകൾ ഫലപ്രദമാകാത്ത സാഹചര്യം ഉണ്ടാകുന്നതാണ്. ആയതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

എ. പി. അനിൽ കുമാർ (ഒപ്പ്)

പി. കെ. ബഷീർ (ഒപ്പ്)

കെ. കെ. രമ (ഒപ്പ്)

അനുബന്ധം II

# 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിലെ (കെ) ഖണ്ഡത്തിൽ "അതോറിറ്റി വച്ചുപോരുന്നതും" എന്നീ വാക്കുകൾക്കു പകരം "കൗൺസിൽ വച്ചുപോരുന്നതും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (എച്ച്) ഖണ്ഡത്തിൽ, "1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന്റെ (1953-ലെ IX)" എന്നീ അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും ബ്രാക്കറ്റിനും പകരം "2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന്റെ (2021-ലെ 36-ാം ആക്റ്റ്)" എന്നീ അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

4. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഡി), (ഇ) ഖണ്ഡങ്ങൾക്ക് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (ഡി) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ;

(ഇ) ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ;

(ഇഎ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡെന്റൽ സർജൻ;".

5. 15-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിന്റെ (ഇ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഇ) സുരക്ഷ, അണുബാധ നിയന്ത്രണം, നിലവാരം പുലർത്തുന്ന ചികിത്സാ മാർഗ്ഗങ്ങൾ എന്നിവയുടെ നിലവാരം നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗരേഖകൾ പാലിക്കുമെന്ന് ഉറപ്പ് നൽകുക;".

6. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പിലെ "മൂന്ന്" എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. 48-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 48-ാം വകുപ്പിന്റെ മാർജിനൽ ശീർഷകത്തിലെയും (1)-ാം ഉപവകുപ്പിലെയും, "കൗൺസിലിലെയും അതോറിറ്റിയിലെയും" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലെയും നിർവ്വാഹക സമിതിയിലെയും അതോറിറ്റിയിലെയും" എന്നീ വാക്കുകളും, (3)-ാം ഉപവകുപ്പിലെ "കൗൺസിലിലെയോ അതോറിറ്റിയിലെയോ", "കൗൺസിലിന്റെ അല്ലെങ്കിൽ അതോറിറ്റിയുടെ" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലെയോ നിർവ്വാഹക സമിതിയിലെയോ അതോറിറ്റിയിലെയോ", "കൗൺസിലിന്റെയോ നിർവ്വാഹക സമിതിയുടെയോ അല്ലെങ്കിൽ അതോറിറ്റിയുടെയോ" എന്നീ വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

8. 49-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിൽ,— (1) " (1) കൗൺസിലിന്റെയും അതോറിറ്റിയുടെയും അംഗമായിരിക്കുന്നതിന്, അയാൾ:—" എന്നീ ബ്രാക്കറ്റിനും അക്കത്തിനും വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കൗൺസിലിന്റെയും നിർവ്വാഹക സമിതിയുടെയും അതോറിറ്റിയുടെയും അംഗമായിരിക്കുന്നതിന്, അയാൾ,—" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് ;

(2) ഖണ്ഡം (ഇ)-യിലെ "കൗൺസിലിലോ അതോറിറ്റിയിലോ" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലോ നിർവ്വാഹക സമിതിയിലോ അതോറിറ്റിയിലോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2024 ഒക്ടോബർ 10.

**ഡോ. എൻ. കൃഷ്ണ കുമാർ,**
*സെക്രട്ടറി.*